TB Movie Panel Weekly Review

**#moviepanel**

Sarpatta

Written By : Arjun Anand

സാർപ്പട്ട എന്നാൽ "സർ " പട്ടം കിട്ടിയ വ്യക്തി എന്നൊരു അർത്ഥം കൽപ്പിക്കാം...'4' കത്തികൾ ഉപയോഗിച്ചുള്ള യുദ്ധം എന്നും അർത്ഥമാക്കാം...പറഞ്ഞുവരുന്നത് ഏറെ പ്രേക്ഷക പ്രീതി നേടിയ സാർപ്പട്ട പരമ്പരയ് എന്ന തമിഴ് ചിത്രത്തെ കുറിച്ചാണ്...
പാ രഞ്ജിത്ത് ചിത്രങ്ങൾക്ക് ഒക്കെയും വ്യക്തമായ രാഷ്ട്രീയം ചർച്ച ചെയ്യാനുണ്ടാകും... സിനിമയിലെ രാഷ്ട്രീയം രണ്ടു തരത്തിൽ അവതരിപ്പിക്കാം... ഒന്ന് സിനിമയിലെ കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിലൂടെ രാഷ്ട്രീയം പ്രകടമായി തന്നെ അവതരിപ്പിക്കുക... മറ്റൊന്ന്, മെറ്റഫോറുകൾ ഉപയോഗിച്ച് സിനിമയെ കൊണ്ട് രാഷ്ട്രീയം പറയാതെ പറയിക്കുക... പാ രഞ്ജിത്തിന്റെ ഏറ്റവും പുതിയ ചിത്രമായ "സാർപ്പട്ട പരമ്പരയ് " മുകളിൽ രണ്ടാമത് പറഞ്ഞ രീതിയിൽ പ്രേക്ഷകനോട് രാഷ്ട്രീയം സംസാരിക്കുന്ന ചിത്രമാണ്...പ്രധാന ആശയം അല്ല എങ്കിൽ പോലും അടിയന്തിരാവസ്ഥ കാലത്തെയും അടയാളപ്പെടുത്തി പോകുന്നുണ്ട് ചിത്രം....വ്യക്തമായ രാഷ്ട്രീയം സംസാരിക്കുമ്പോഴും സംവിധായകന്റെ അവസാനം ഇറങ്ങിയ രണ്ടു ചിത്രങ്ങളിൽ നിന്നു വളരെ വ്യത്യസ്തമായി ഒരു പക്കാ കൊമേർഷ്യൽ എന്റെർറ്റൈനെർ ആയാണ് "സാർപ്പട്ട പരമ്പരയ് " ഒരുക്കിയിരിക്കുന്നത്...

1970 കളുടെ അവസാനം മുതൽ ഏകദേശം 1995 കാലഘട്ടം വരെ വടചെന്നൈയിൽ നില നിന്നു പോന്നിരുന്ന ബോക്സിങ് സംസ്കാരത്തിന്റെയും ആ കാലഘട്ടത്തിലെ ജനജീവിതത്തിന്റെയും ഒരു പുനർ ആവിഷ്കരണം ആണ് ചിത്രം... അക്കാലത്ത് വളരെ പെട്ടെന്ന് പ്രശസ്തി നേടാനും കാശുണ്ടാക്കുവാനും ഉള്ള ഒരു മാർഗം ആയിരുന്നു ബോക്സിങ് മത്സരങ്ങൾ...ആദ്യ കാലങ്ങളിൽ കൂടുതലും അവിടുത്തെ ചേരിയിൽ നിന്നുള്ളവരും മുക്കുവരും ഒക്കെ ആയിരുന്നു മത്സരിക്കാൻ തയ്യാറായി വന്നിരുന്നതെങ്കിലും സാവകാശം മധ്യവർഗക്കാരും ബോക്സിങ്ങിലേക്ക് വന്നു തുടങ്ങി.. തെരുവിൽ ഗുസ്തി പിടിച്ചിരുന്ന കുട്ടികളെ തിരഞ്ഞു പിടിച്ചു ബോക്സിങ് പരിശീലിപ്പിച്ചു... അന്ന് പ്രചാരത്തിലുണ്ടായിരുന്ന തമിഴ് ബോക്സിങ് ശൈലിയിൽ എതിരാളിയുടെ മുഖത്ത് മാത്രമേ ഇടിക്കാൻ അനുമതി ഉണ്ടായിരുന്നുള്ളു.. ഇംഗ്ളീഷുകാരുടെ വരവോടെ ബോക്സിങ് ശൈലിക്കു തന്നെ മാറ്റം ഉണ്ടായി...പരക്കെ പല പരമ്പരകളും രൂപം കൊണ്ടു... മുക്കുവരുടെ സംഘം ഒരു വശത്തും ചേരിയിൽ നിന്നുള്ളവർ മറുവശത്തും ആയി അവർ നിരന്തരം മത്സരങ്ങൾ സംഘടിപ്പിച്ചു.. പലപ്പോഴും തങ്ങളുടെ പക തീർക്കുവാനായി ഈ

അവസരം ഉപയോഗപ്പെടുത്തിയിരുന്നു ഇരുകൂട്ടരും.. വിജയികൾ ആകുന്നവർ സ്വാഭാവികമായും പ്രശസ്തർ ആവുകയും ശക്തരായ അവർ ക്രമേണ പലിശക്കാരുടെയും മുതലാളിമാരുടെയും ഗുണ്ടകൾ ആയി തീരുന്നതും പതിവായിരുന്നു...

അന്ന് നിലവിൽ ഉണ്ടായിരുന്ന നിരവധി പരമ്പരകളിൽ പ്രബലരായ രണ്ടു കൂട്ടർ ആയിരുന്നു സാർപ്പട്ട പരമ്പരയും ഇടിയപ്പ പരമ്പരയും..അവർ തമ്മിൽ നടന്നിരുന്ന ആവേശകരമായ വെല്ലുവിളികളുടെയും മത്സരങ്ങളുടെയും അവരുടെ ജീവിതത്തിന്റെയും കഥയാണ് "സാർപ്പട്ട പരമ്പരയിൽ " നിങ്ങളെ കാത്തിരിക്കുന്നത്..

ചെറിയ വയസ്സ് മുതൽ, സാർപ്പട്ട പരമ്പരയിലെ എക്കാലത്തെയും മികച്ച ബോക്സർ ആയ രംഗൻ വാധ്യാരുടെ ആരാധകനും ശിഷ്യനും ആയ കബിലനെയും അയാൾക്ക് ചുറ്റുമുള്ള ചെറിയ വലിയ ലോകത്തെയും ചുറ്റിപറ്റി ആണ് കഥ പറയുന്നത്.. ബോക്സിങ് ജീവൻ ആണെങ്കിലും അമ്മയ്ക്ക് ഇഷ്ടം ഇല്ല (അതിന് അമ്മയ്ക്ക് വ്യക്തമായ കാരണവും ഉണ്ട് )എന്നുള്ള ഒരേ കാരണത്താൽ ബോക്സിങ്ങിന്റെ വഴിയിൽ നിന്നും മാറി നടക്കുവാൻ ശ്രമിക്കുന്ന കബിലന് പക്ഷെ ഒരു പ്രത്യേക സാഹചര്യത്തിൽ ബോക്സിങ്ങിലേയ്ക്ക് ഇറങ്ങേണ്ടി വരികയും അങ്ങനെ അയാളുടെ കഴിവുകൾ വെളിപ്പെടുകയും തുടർന്ന് അയാളുടെ ഉയർച്ചയും പതനവും ഒക്കെ ആണ് ചിത്രം ചർച്ച ചെയ്യുന്നത്...

സ്പോർട്സ് സിനിമ എന്നാലേ ഏറെക്കുറെ ക്ളീഷേ ആണ്... കാരണം അതിന്റെ കഥയുടെ സഞ്ചാരപാതയിൽ ഉള്ള പ്രവചനീയത തന്നെ ആണ്... പ്രേക്ഷകന് പരിചിതം ആയ നായകന്റെ കഥയെ പുതുമയുള്ള പശ്ചാത്തലത്തിൽ കൊണ്ടു പാകുകയും കഥാപാത്രങ്ങൾക്ക് പല ലെയറുകളും ആഴവും നൽകി വളർത്തിക്കൊണ്ട് വന്നു പ്രേക്ഷകനെ രസിപ്പിക്കുകയും ചെയ്യുന്നിടത്താണ് ഒരു സ്പോർട്സ് ഡ്രാമ വിജയം ആകുന്നത്..സാർപ്പട്ടയിൽ രഞ്ജിത്ത് ചെയ്തിരിക്കുന്നതും അത് തന്നെ ആണ്... അതുകൊണ്ട് തന്നെ ഏകദേശം 3 മണിക്കൂറോളം ഉള്ള സിനിമ ഒരിടത്തുപോലും പ്രേക്ഷകനെ മുഷിപ്പിക്കുന്നില്ല..

ചിത്രത്തിലെ നാലു പ്രധാന ബോക്സർമാരായ കബിലന്റെയും രാമന്റെയും ഡാൻസിങ് റോസിന്റെയും വെമ്പുലിയുടെയും ശരീരഭാഷയും ശൈലിയും കടം കൊണ്ടിരിക്കുന്നത് ലോക പ്രശസ്ത ബോക്സർമാരിൽ നിന്നാണ്... കബിലൻ എന്ന കഥാപാത്രം ബോക്സിങ് ലെജൻഡ് മുഹമ്മദ് അലിയോടുള്ള ആദരവാണ്.. രാമൻ എന്ന കഥാപാത്രം കടം കൊണ്ടിരിക്കുന്നത് ബിഗ് ജോർജ് എന്നറിയപ്പെട്ടിരുന്ന ജോർജ് ഫോർമാന്റെ ശൈലി ആണ്... നൃത്തച്ചുവടുകളെ അനുസ്മരിപ്പിക്കുന്ന ഒഴുക്കൻ ചുവടുകളുമായി ഗുസ്തി പിടിക്കുന്ന ഡാൻസിങ് റോസ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പ്രിൻസ് നസീം എന്നറിയപ്പെട്ടിരുന്ന നസീം ഹമീദിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ്.. വെമ്പുലി എന്ന

കഥാപാത്രം ഓർമിപ്പിക്കുന്നത് ബോക്സിങ് രംഗത്തെ അധികായൻ ആയ മൈക്ക് ടൈസണെ ആണ്...ഇങ്ങനെ ഓരോ കഥാപാത്രങ്ങളും അതിസൂക്ഷ്മതയോടെ ആണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്... കഥാപാത്രസൃഷ്ടിയിൽ മറ്റൊരു സാമ്യം തോന്നുക സിൽവേസ്റ്റോർ സ്റ്റാലോൺ എഴുതി സംവിധാനം ചെയ്ത റോക്കി ഫ്രാൻചൈസിലെ കഥാപാത്രങ്ങളോടാണ്...

അഭിനേതാക്കൾ എല്ലാവരും തങ്ങളുടെ മികച്ച പ്രകടനം ആണ് കാഴ്ചവച്ചിരിക്കുന്നത്...കബിലനെ അവതരിപ്പിച്ചിരിക്കുന്നത് ആര്യ ആണ്... ഒരു ബോക്സറുടെ ശരീരഘടനയും ചലനങ്ങളും അനായാസമായി സ്ക്രീനിൽ എത്തിക്കുവാൻ ആര്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്.. ചുരുക്കം ചില വൈകാരിക രംഗങ്ങളിൽ ഒഴികെ ഒരിടത്തും ആര്യയിലെ നടന് പിഴയ്ക്കുന്നില്ല... ആര്യയുടെ എക്കാലത്തെയും മികച്ച കതപാത്രങ്ങളിൽ ഒന്നാണ് മഹാമുനിയിലേത്.. അതിലും വെല്ലുവിളി നിറഞ്ഞ കഥാപാത്രം ആണ് കബിലൻ എന്ന് നിസംശയം പറയാം..കബിലന്റെ സ്നേഹവും ദേഷ്യവും ബോക്സിങ്ങിനോടുള്ള അടങ്ങാത്ത ആവേശവും നിരാശയും സങ്കടവും ഒക്കെ ആര്യയിൽ ഭദ്രം ആയിരുന്നു...

വളരെ കുറച്ചു മാത്രം സ്ക്രീനിൽ വന്നുപോകുന്ന കഥാപാത്രം ആണ് ഷബീർ കല്ലറക്കൽ അവതരിപ്പിച്ചിരിക്കുന്ന ഡാൻസിങ് റോസ് എന്ന കഥാപാത്രം... പക്ഷെ സിനിമയിൽ ഏറ്റവും കൂടുതൽ പ്രാവശ്യം പ്രേക്ഷകർ തിരഞ്ഞു പിടിച്ചു കണ്ട് ആസ്വദിക്കാൻ പോകുന്നത് കബിലനും ഡാൻസിങ് റോസും തമ്മിൽ ഉള്ള സംഘട്ടന രംഗം ആയിരിക്കും.. അത്രയ്ക്കും വ്യത്യസ്തവും മനോഹരവും ആയിട്ടാണ് ആ സംഘട്ടനം സംവിധാനം ചെയ്തിരിക്കുന്നതും ഷബീർ അതവതരിപ്പിച്ചിരിക്കുന്നതും...വില്ലന്റെ കൂടെ ഉള്ള കഥാപാത്രം ആയിരുന്നിട്ടുകൂടി പ്രേക്ഷകന്റെ ഇഷ്ടം പിടിച്ചുപറ്റാൻ തക്കവണ്ണം സത്യസന്ധതയോടു കൂടി ആണ് ആ കഥാപാത്രം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.. രാമനെ അവതരിപ്പിച്ചിരിക്കുന്ന സന്തോഷ് പ്രതാപന്റെയും വെമ്പുലി എന്ന കരുത്തനായ വില്ലനെ അവതരിപ്പിച്ചിരിക്കുന്ന ജോൺ കോക്കന്റെ പ്രകടനവും എടുത്തു പറയേണ്ടതാണ്....

കയ്യടി നൽകേണ്ട മറ്റു മികച്ച പ്രകടനങ്ങൾ രംഗൻ വാദ്ധ്യാരെ അവതരിപ്പിച്ച പശുപതിയുടെയും കെവിൻ /ഡാഡിയെ അവതരിപ്പിച്ച ജോൺ വിജയിയുടേതും കബിലന്റെ ഭാര്യ മാരിയമ്മയെ അവതരിപ്പിച്ച ദുഷാരാ വിജയന്റേതും ആണ്....

കബിലനും ഡാൻസിങ് റോസും തമ്മിൽ ഉള്ള ബോക്സിങ് മത്സരത്തിന്റെ ഒടുക്കം രംഗൻ വാദ്ധ്യാർ റിങ്ങിൽ കയറി വന്നു നടത്തുന്ന ആവേശ പ്രകടനം മാത്രം മതി പശുപതി എന്ന നടന്റെ പ്രതിഭ അളക്കുവാൻ... അയാളുടെ കണ്ണിൽ മിന്നി മായുന്ന അഭിമാനവും ആവേശവും വിജയഭാവവും ഒരല്പം അഹങ്കാരവും എല്ലാം എത്ര അനായാസം

ആയിട്ടാണ് കാണുന്ന പ്രേക്ഷകനിലേക്ക് ഒരു രോമാഞ്ചമായി പടർത്തി വിടുന്നത്...
അതുപോലെ തന്നെ ഇംഗ്ലീഷും തമിഴും കലർത്തി സംസാരിക്കുന്ന ഡാഡിയും ഒരു രസികനായ കഥാപാത്ര സൃഷ്ടി ആണ്... പതിവ് നടന്മാർക്ക് പകരം അത് ജോൺ വിജയിലൂടെ പ്രേക്ഷകരിലേക്ക് എത്തിയപ്പോൾ ഒരു പുതുമ അനുഭവപ്പെടും പ്രേക്ഷകർക്ക്..

മാരിയമ്മ എന്ന കഥാപാത്രവും പതിവ് ഭാര്യമാരിൽ നിന്നും മാറി വേറിട്ട വഴിയിലൂടെ ആണ് സഞ്ചരിക്കുന്നത്.. കബിലന്റെ മുൻപിൽ പഞ്ചപുച്ഛം അടക്കി നിൽക്കാതെ തനിക്ക് പറയാനുള്ളത് നിവർന്നു നിന്നു കബിലനോട് പറയുന്നുണ്ട് മാരിയമ്മ... അയാളോടുള്ള സ്നേഹവും ആഗ്രഹിക്കുന്ന പരിചരണം അയാളിൽ നിന്നും ലഭിക്കാത്തതിൽ ഉള്ള നിരാശയും അയാളുടെ വഴി തെറ്റിയുള്ള യാത്രയിലെ അമർഷവും ഒക്കെ അവളിൽ കാണാം... ഒരു ഘട്ടത്തിൽ അയാളുടെ ജീവൻ രക്ഷിക്കുന്നത് പോലും മാരിയമ്മയുടെ ഇടപെടൽ ആണ്...രംഗൻ വാദ്ധ്യാരുടെ മകൻ വെട്രിയെ അവതരിപ്പിച്ച കലൈയരസന്റെയും കബിലന്റെ അമ്മയെ അവതരിപ്പിച്ച അനുപമയുടെയും പ്രകടനങ്ങളും പരാമർശം അർഹിക്കുന്നുണ്ട്...

എഴുത്തുകാരൻ ആയ തമിഴ് പ്രഭു ആണ് പാ രഞ്ജിത്തും ആയി ചേർന്ന് ചിത്രത്തിന്റെ തിരക്കഥ ഒരുക്കിയിരിക്കുന്നത്.. മുകളിൽ സൂചിപ്പിച്ചിരിക്കുന്നത് പോലെ അതിസൂക്ഷ്മതയോടെ ആണ് ഓരോ കഥാപാത്ര സൃഷ്ടിയും നടത്തിയിരിക്കുന്നത്... വിവിധ അടുക്കുകൾ ഉള്ള കഥാപാത്രങ്ങളിലൂടെ വ്യക്തമായ രാഷ്ട്രീയം രഞ്ജിത്ത് പറയുന്നുണ്ട്... എഴുപത് കാലഘട്ടത്തിലെ ജീവിതവും ആക്കാലത്തെ ജാതി രാഷ്ട്രീയവും ഒക്കെ പശ്ചാത്തലത്തിൽ മിന്നി മറയുന്ന ചുവരെഴുത്തുകളിലൂടെയും ആളുകളുടെ പ്രത്യയശാസ്ത്രത്തിലൂടെയും പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിൽ രഞ്ജിത്തും തമിഴ് പ്രഭുവും വിജയിച്ചിയിട്ടുണ്ട്...കഥാപാത്രങ്ങളുടെ സംഭാഷണങ്ങൾ പോലും വടക്കൻ ചെന്നൈയിൽ ആ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന ശൈലിയിൽ ആണ് എഴുതപ്പെട്ടിട്ടുള്ളത്... പരമാവധി ഇംഗ്ലീഷ് വാക്കുകൾ ഒഴിവാക്കി നാടൻ തമിഴ് പദങ്ങൾ ഉപയോഗിച്ചാണ് ഒട്ടുമിക്ക കഥാപാത്രങ്ങളും സംസാരിക്കുന്നത്, ഒരു ആംഗ്ലോ ഇന്ത്യൻ ശൈലിയുള്ള ഡാഡി ഒഴികെ... തിരക്കഥയോടൊപ്പം കഥാപാത്രങ്ങളും അവരുടെ സ്വഭാവവും വികസിക്കുന്ന കാഴ്ച മനോഹരമാണ്..കബിലൻ പൊരുതി തോൽപ്പിക്കുന്നത് അയാളുടെ എതിരാളികളെ മാത്രം അല്ല,ജാതിയും വ്യക്തിപരമായ പ്രശ്നങ്ങളും ഒക്കെ ചേർന്ന് അയാൾക്ക് നൽകിയ കയ്പ്പേറിയ അനുഭവങ്ങളെ കൂടിയാണ്..കഥാന്ത്യത്തിൽ റോസിനോടോ , വെമ്പുലിയോടോ , രാമനോടോ , വെട്രിയോടോ പ്രേക്ഷകന് പരിഭവമോ പരാതിയോ തോന്നാൻ ഇടയില്ല...

എഴുപതുകളിലെ വടക്കൻ ചെന്നൈ പുന സൃഷ്ടിക്കുന്നതിൽ

കലാസംവിധാന വിഭാഗം വഹിച്ച പങ്ക് വളരെ വലുതാണ്..
സന്തോഷ് നാരായണന്റെ സംഗീതവും മുരളിയുടെ ക്യാമറകണ്ണുകൾ ഒപ്പിയെടുത്ത ദൃശ്യങ്ങളും കുറച്ചൊന്നുമല്ല കബിലന് ചുറ്റും ഉള്ള ലോകം വിശ്വസനീയം ആക്കുവാൻ കലാസംവിധാന വിഭാഗത്തെയും സംവിധായകനെയും സഹായിച്ചിട്ടുള്ളത്...

കൊറോണ കാലത്ത് സിനിമ പ്രേക്ഷകർക്ക് ഉണ്ടായ മറ്റൊരു നഷ്ടം തന്നെയാണ് ഈ ചിത്രത്തിന്റെ തീയേറ്റർ കാഴ്ചനുഭവം..ഒരിക്കലും ഒരു ഒ ടി ടി മെറ്റീരിയൽ ആയി ഒതുങ്ങി പോകേണ്ടിയിരുന്ന ചിത്രം അല്ല സാർപ്പട്ട പരമ്പരയ്.... തീർച്ചയായും തീയേറ്റർ ആസ്വാദനം അർഹിച്ചിരുന്നു ഇത്രയും മികച്ച ഒരു സൃഷ്ടിയും അതിനെ ഇരു കൈയും നീട്ടി സ്വീകരിച്ച നമ്മൾ പ്രേക്ഷരും...